രഹിതർക്ക് ഈ പദ്ധതിപ്രകാരം അപേക്ഷിക്കാൻ അർഹതയുണ്ട്. പട്ടിക ജാതി/പട്ടികവർഗ്ഗ/വികലാംഗ ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി യിൽ 5 വർഷത്തെ ഇളവ് ലഭിക്കുന്നതാണ്. അപേക്ഷകർ വിദ്യാർത്ഥിയായിരി ക്കാൻ പാടില്ല. പദ്ധതിയിൻകീഴിൽ അപേക്ഷകൻ സമർപ്പിക്കുന്ന പ്രോജക്ടുക ളുടെ അംഗീകാരത്തിന് വിധേയമായി 30,000 രൂപ മുതൽ പരമാവധി 50,000 രൂപവരെ ധനകാര്യ സ്ഥാപനങ്ങൾവഴി വായ്പ നൽകുവാൻ പദ്ധതി വിഭാ വനം ചെയ്യുന്നു. കൂടാതെ ധനകാര്യസ്ഥാപനങ്ങൾ അംഗീകരിക്കുന്ന പ്രോജ ക്ടിനു ആവശ്യമായ തുകയുടെ 15 ശതമാനം സർക്കാർ സബ്സിഡിയായി നൽകുവാനും ധനകാര്യസ്ഥാപനങ്ങൾ നിശ്ചയിക്കുന്ന 5 ശതമാനത്തിനുമേ ലുള്ള പലിശയിൻമേൽ പരമാവധി 5 ശതമാനം പലിശ സബ്സിഡിയായി അനുവദിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.

(സി) ഇല്ല.

(ഡി) അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടി എംപ്ലോയ്മെന്റ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകൾ, സംസ്ഥാന/ജില്ലാ സഹ രണ ബാങ്കുകൾ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, മറ്റു പൊതു മേഖലാ ധനകാര്യസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവ മുഖേന ഈ പദ്ധതിയിൻകീഴിൽ വായ്പ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

(എഫ്)&(ജി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായുള്ള ഒരു ജില്ലാതല സമിതിയാണ് നിലവിലുള്ള ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനതല കമ്മിറ്റിയിൽ യുവജന സംഘടനകളുടെ രണ്ട് പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്.

(എച്ച്) സ്വയംതൊഴിൽ പദ്ധതിക്കായി 1999-2000 സാമ്പത്തിക വർഷ ത്തിലേക്ക് 50,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

154 (780) കയ്യൂർ ഐ.ടി.ഐ. യിൽ ഫർണിച്ചർ വാങ്ങുന്നതി നുള്ള അനുമതി

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ഐ.ടി.ഐ. ക്ക് ആവശ്യമായ ഫർണിച്ചറുകൾ, മറ്റുപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രവീതം തുകയാണ് അനുവദിച്ചതെന്ന് അറിയി ക്കുമോ;

(സി) ഈ ഉത്തരവുപ്രകാരം ഐ.ടി.ഐ. ൽ ഫർണിച്ചറുകളും ഉപക രണങ്ങളും സപ്ലൈ ചെയ്തതിന്റെ വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) 9.10.98 ലെ ജി.ഒ.(ആർ.ടി)നം 3121/98/തൊഴിൽപ്രകാരം 4,85,425/- രൂപയുടെ ഫർണിച്ചർ വാങ്ങാനും, 25.11.1998-ലെ ജി.ഒ. (ആർ.ടി)

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ 3760/98/തൊഴിൽ പ്രകാരം 36 ലക്ഷം രൂപയുടെ സാധനസംഭരണത്തിനായും അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ടി ഉത്തരവ് അനുസരിച്ച് താഴെപറയുന്ന സാധനസംഭരണം നടത്തിയിട്ടുണ്ട്.

സ്റ്റെനോഗ്രാഫി ട്രേഡിൽ 10 ഹിന്ദി ടൈപ്പ്റൈറ്ററുകൾ വാങ്ങിയിട്ടുണ്ട്. 2 ഡീസൽ എഞ്ചിനുകളും, 3 എയർ കണ്ടീഷനറുകളും ഡീസൽ മെക്കാനിക്, കമ്പ്യൂട്ടർ ട്രേഡുകളിലേക്ക് വാങ്ങി നൽകിയിട്ടുണ്ട്. കെൽട്രോണിൽനിന്നും 2,20,649/- രൂപയുടെ ഇലക്ട്രോണിക് സാധനങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. 4,72,834/- രൂപക്ക് കമ്പ്യൂട്ടറുകൾ കെൽട്രോണിൽനിന്നും വാങ്ങുന്നതിനും, 1,68,091/- രൂപയുടെ ഫർണിച്ചർ വാങ്ങുന്നതിനും വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

155 (781) കൊയിലാണ്ടി മിനി സ്റ്റേഡിയം പണി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മിനിസ്റ്റേഡിയം പണി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പണിക്ക് എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) മിനി സ്റ്റേഡിയത്തിന്റെ അംഗീകരിച്ച പദ്ധതി പൂർത്തിയാക്കാൻ ഇനിയും സർക്കാർ സാമ്പത്തിക സഹായം നൽകുമോ;

(സി) സ്പോർട്ട്സ് വകുപ്പ് പ്രസ്തുത പദ്ധതിക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുമോ എന്നു അറിയിക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി മിനി സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചത് 1999 മാർച്ച് മാസത്തിലാണ്. പ്രാഥമിക ഘട്ടങ്ങൾ പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. 2000-ൽ പണി പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലേക്കായി 52 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി)&(സി) ഇതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

156 (782) അഴീക്കൽ തുറമുഖ വികസനം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ അഴീക്കൽ തുറമുഖ വികസനത്തിന് സർക്കാർ കൈക്കൊണ്ട പ്രായോഗിക നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly